**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 720** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിന് കീഴിലെ വായ്പാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുതരമായ രോഗമുള്ളതും ജീവിതശൈലീ രോഗമുള്ളതുമായ അശരണരായ സഹകാരികൾക്ക് ധനസഹായം നൽകുന്നതിനായി സഹകരണ വകുപ്പിനുകീഴിൽ പ്രത്യേക പദ്ധതി നിലവിലുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | നിലവിലുണ്ട്. 'സഹകരണ നവരത്നം കേരളീയം - അശരണരായ സഹകാരികൾക്കുള്ള ആശ്വാസഫണ്ട്' പദ്ധതി പ്രകാരം സഹകരണ രംഗത്ത് സർക്കിൾ (താലൂക്ക്)/ജില്ല/സംസ്ഥാന തലത്തിൽ ഏതിലെങ്കിലും സഹകരണ മേഖലയുടെ പുരോഗതിക്കു വേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരും, വാർഷിക വരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ളവരുമായ ടി സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/-രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്. ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവർ സഹകരണ മേഖലയിലെ പ്രവർത്തന വൈകല്യംമൂലം ഒരുവിധ നടപടിയും നേരിടാത്തവർ ആയിരിക്കണം. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക വായ്പാ പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | ഉണ്ട്. തീരദേശ ജില്ലകളിലേയും, ഉൾനാടൻ മത്സ്യബന്ധന മേഖലകളിലേയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച്, അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സാഫിന്റെ (SAF - Society for Assistance to fisher women) മേൽ നോട്ടത്തിൽ സ്നേഹതീരം വായ്പ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |

**പദ്ധതി നിർവ്വഹണം**

1. തീരദേശം പ്രവർത്തന പരിധിയിലുള്ള പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ സാഫുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുക.
2. മത്സ്യബന്ധന തൊഴിലാളികളും, മത്സ്യവിപണന തൊഴിലാളികളും, മത്സ്യ സംസ്കരണ തൊഴിലാളികളും ആണ് സ്നേഹതീരം പദ്ധതിയുടെ ഗുണഭോക്താക്കൾ.
3. തീരദേശം പ്രവർത്തന പരിധിയുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ സാഫിന് ക്യാഷ് ക്രെഡിറ്റ് വായ്പ നൽകുന്നു. സാഫിൽ അംഗത്വമെടുത്തിട്ടുള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കായിരിക്കും ഈ പദ്ധതി പ്രകാരമുള്ള വായ്പ ലഭ്യമാക്കുന്നത്.
4. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പരമാവധി 50,000/- രൂപയായിരിക്കും വായ്പയായി ലഭിക്കുക.
5. തീരദേശം പ്രവർത്തന പരിധിയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സാഫിന് 9% പലിശ നിരക്കിൽ ഒരു വർഷ കാലാവധിക്ക് വായ്പ നൽകുന്നു.
6. ഈ വായ്പാ തുക സാഫ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും, മത്സ്യത്തൊഴിലാളികൾക്കും പ്രതിവാര തവണകളായി സാഫ് നിശ്ചയിക്കുന്ന പലിശനിരക്കിൽ പുനർവായ്പ നൽകുന്നു.
7. കേരളത്തിലെ തീരപ്രദേശവും കായലോരവുമുള്ള ജില്ലകളിലെ ബാങ്കുകളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.
8. സ്നേഹതീരം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ, ഫിഷറീസ് ഡയറക്ടർ, സാഫ് പ്രതിനിധി എന്നിവരുമായി ഒരു ധാരണാപത്രം ഒപ്പിടേണ്ടതാണ്.

| **ഇനം** | **വായ്പാതുക (രൂപ)** | |
|---|---|---|
| | **25,000/-** | **50,000/-** |
| പലിശനിരക്ക് | 9% | 9% |
| ഒരു വർഷത്തെ പലിശ | 2250 | 4500 |
| തിരിച്ചടവ് ആഴ്ചയിൽ | 525 | 1050 |
| ആകെ തിരിച്ചടവ് 52 ആഴ്ച | 27,250 | 54,500 |

വായ്പയുടെ തിരിച്ചടവ് SAF ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി സാഫും വായ്പക്കാരും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും തമ്മിൽ ഒരു ത്രികക്ഷി

| | | | |
|---|---|---|---|
| | | | സമ്മതപത്രം ഒപ്പിടേണ്ടതുണ്ട്. ടി സമ്മത പത്രത്തിൽ ഒന്നാം കക്ഷി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും രണ്ടാം കക്ഷി സാഫും മൂന്നാംകക്ഷി വായ്പക്കാരനും ആയിരിക്കും. വായ്പ കാലാവധിക്കുള്ളിൽ തിരിച്ചടയ്ക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ